യുവാവിനെ കൊലപ്പെടുത്തിയ കേസിൽ രണ്ട് പേർ അറസ്റ്റിൽ. പാറക്കടവ് കുറുമശ്ശേരി വേങ്ങു പ്പറമ്പിൽ വീട്ടിൽ നിതിൻ (30), കുറുമശ്ശേരി മണ്ണാറത്തറ വീട്ടിൽ ദീപക് (36) എന്നിവരെയാണ് ചെങ്ങമനാട് പോലീസ് അറസ്റ്റ് ചെയ്തത്. ബുധനാഴ്ച പുലർച്ചെയാണ് വിനു വിക്രമനെ ദേഹമാസകലം വെട്ടേറ്റ നിലയിൽ കുറുമശ്ശേരി പ്രിയ ആശുപത്രിയ്ക്ക് സമീപം കാണപ്പെട്ടത്. പിന്നീട് കറുകുറ്റി അഡ്ലക്സ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണമടഞ്ഞു. തുടർന്ന് ജില്ലാ പോലീസ് മേധാവി ഡോ.വൈഭവ് സക്സേനയുടെ മേൽനോട്ടത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പ്രതികളെ വടക്കേക്കര ലേബർ ജംഗ്ഷന് സമീപത്തു നിന്ന് പിടികൂടുകയായിരുന്നു. നിതിനെതിരെ കാലടി, അങ്കമാലി, നെടുമ്പാശ്ശേരി, ചെങ്ങമനാട് എന്നീ പോലീസ് സ്റ്റേഷനുകളിൽ നിരവധി കേസുകളുണ്ട്. ദീപക് നെടുമ്പാശ്ശേരി, ചെങ്ങമനാട് പോലീസ് സ്റ്റേഷനുകളിലെ നിരവധി കേസുകളിൽ പ്രതിയാണ്. ആലുവ ഡി.വൈ.എസ്.പി എ. പ്രസാദിൻ്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിൽ ഇൻസ്പെക്ടർ ആർ. കുമാർ, എസ്.ഐ മാരായ സന്തോഷ് അബ്രഹാം, നൗഷാദ്, എ.എസ്.ഐ മാരായ ഡിക്സൻ, സിനുമോൻ, ജിയോ, എസ്.സി.പി.ഒ മാരായ ജോയി ചെറിയാൻ, ഷിബു അയ്യപ്പൻ, അഖിലേഷ്, സി.പി.ഒ മാരായ കൃഷ്ണരാജ്, വിബിൻ, സജിത്, സെബാസ്റ്റ്യൻ എന്നിവരാണ് ഉണ്ടായിരുന്നത്.